**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5900** **16-03-2023 - ൽ മറുപടിയ്ക്ക്**

**മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഡിജിറ്റിലൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഡിജിറ്റലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | എല്ലാ വീട്ടുകളിലും QR കോഡ് പതിപ്പിച്ച് മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും ആപ്പ് മുഖേന കാര്യക്ഷമവും സമയ ബന്ധിതവും ആക്കുകയും വീടുകളിലും സ്ഥാപനങ്ങളിലും നിന്നുള്ള മാലിന്യ ശേഖരണത്തിന്റെയും MiniMCF/MCF/RRF കളിൽ ഉള്ള മാലിന്യ സംഭരണത്തിന്റെയും അവിടെ നിന്നുള്ള മാലിന്യ നീക്കത്തിന്റെയും കൃത്യമായ കണക്കുകൾ ലഭിക്കുന്നതിനും തദ്ദേശസ്ഥാപനങ്ങളുടെ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, പ്രവർത്തന മികവ് നിരീക്ഷിക്കുന്നതിനും വേണ്ടി സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം സോഫ്റ്റ്‌വെയർ നടപ്പിലാക്കിട്ടുണ്ട്. കെൽട്രോൺ നിർമ്മിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ സംവിധാനം ഒന്നാം ഘട്ടത്തിൽ 376 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (313 ഗ്രാമപഞ്ചായത്ത്, 59 മുൻസിപാലിറ്റി, 4 കോർപ്പറേഷൻ) സജ്ജമായി കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 196 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (184 ഗ്രാമപഞ്ചായത്ത്, 12 മുൻസിപാലിറ്റി) നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടുത്ത സാമ്പത്തിക വർഷം തന്നെ സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ